


1990-ൽ വരച്ച ഈ കാർട്ടൂണിൽ കാണിച്ചിരിക്കുന്നതുപോലെയാണ് രാഷ്ട്രീയപാർട്ടികളുടെ ഉയർച്ച-താഴ്ചകൾ നിരവധിപേർക്ക് ഒരു റോളർകോസ്റ്റർ സഞ്ചാരമായിട്ടാണിത് അനുഭവപ്പെട്ടത് . രാജീവ് ഗാന്ധി, വി. പി. സിംഗ്, എൽ.കെ. അദ്വാനി, ചന്ദ്രശേഖർ, ജ്യോതി ബസു, എൻ.ടി. രാമറാവു, ദേവിലാൽ, പി. കെ. മഹന്ത, കരുണാനിധി എന്നിവരാണ് ഇവിടെ റോളർകോസ്റ്റിൽ സവാരി നടത്തുന്നത്.

**ഈ അധ്യായത്തിൽ...**

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിലെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ സംക്ഷിപ്തരൂപമാണ് ഈ അവസാന അധ്യായത്തിലൂടെ നമുക്ക് ലഭിക്കുന്നത്. ഈ സംഭവവികാസങ്ങൾ സങ്കീർണമാണ്, കാരണം ഇക്കാലത്തുണ്ടായ വിവിധ സംഭവങ്ങൾ അപ്രതീക്ഷിതമായ പരിണിതഫലങ്ങൾ ഉളവാക്കി. രാഷ്ട്രീയത്തിലെ ഈ പുതുയുഗത്തെ മുൻകൂട്ടി കാണുക അസാധ്യമായിരുന്നു. മാത്രമല്ല അതിനെ ഇപ്പോഴും മനസ്സിലാക്കാൻ വളരെ പ്രയാസകരവുമാണ്. ആഴത്തിലുള്ള സംഘർഷങ്ങൾ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടും നമ്മൾ ഈ സംഭവങ്ങളോട് ഇപ്പോഴും വളരെ അടുത്തുനിൽക്കുന്നതിനാലും ഈ സംഭവവികാസങ്ങൾ വിവാദവിഷയങ്ങൾ കൂടിയാണ്. എന്നിരുന്നാലും ഈ കാലഘട്ടത്തിലെ രാഷ്ട്രീയ മാറ്റത്തെ ചുറ്റിപ്പറ്റിയുള്ള ചില ചോദ്യങ്ങൾ നാം ഉന്നയിക്കേണ്ടതുണ്ട്.

- മുന്നണി രാഷ്ട്രീയത്തിന്റെ ഉയർച്ച നമ്മുടെ ജനാധിപത്യത്തിൽ എന്തെല്ലാം പ്രതിഫലനങ്ങൾ സൃഷ്ടിച്ചു?
- മണ്ഡൽവൽക്കരണം എന്തിനെക്കുറിച്ചുള്ളതായിരുന്നു? ഏതു രീതിയിലാണ് അത് രാഷ്ട്രീയ പ്രാതിനിധ്യത്തിന്റെ സ്വഭാവത്തെ മാറ്റിമറിക്കുന്നത്?
- ജനങ്ങളെ രാഷ്ട്രീയമായി സംഘടിപ്പിക്കുന്നതിൽ രാമജന്മഭൂമി പ്രസ്ഥാനത്തിന്റെയും അയോധ്യയിലെ തകർക്കലിന്റെയും പാരമ്പര്യം എന്താണ്?
- പുതിയ നയസമവായങ്ങളുടെ ഉയർച്ച രാഷ്ട്രീയ തിരഞ്ഞെടുക്കലുകളുടെ സ്വഭാവത്തിൽ എന്ത് സ്വാധീനമാണുണ്ടാക്കുന്നത്?

ഈ അധ്യായം ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകുന്നില്ല. ഈ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ മേൽപ്പറഞ്ഞ ചോദ്യങ്ങൾ ഉന്നയിക്കാനും അത്തരം ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താനും ആവശ്യമായ വിവരങ്ങൾ നൽകുകയാണ് ചെയ്യുന്നത്. രാഷ്ട്രീയമായി അതിവൈകാരികമാണ് എന്നതുകൊണ്ടു മാത്രം നമുക്ക് ഈ ചോദ്യങ്ങളെ അവഗണിക്കാൻ കഴിയില്ല, കാരണം നാം ജീവിക്കുന്ന കാലത്തെ ശരിയായി മനസ്സിലാക്കണമെങ്കിൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തെ മുഴുവൻ പഠിക്കേണ്ടതുണ്ട്.

അധ്യായം 9

# ഇന്ത്യൻ രാഷ്ട്രീയത്തിലെ സമകാലിക സംഭവവികാസങ്ങൾ (RECENT DEVELOPMENTS IN INDIAN POLITICS)

W7W6I6

## *1990-കളുടെ പശ്ചാത്തലം* (Context of the 1990's)

ഇന്ദിരാഗാന്ധിയുടെ വധത്തെതുടർന്ന് രാജീവ് ഗാന്ധി പ്രധാനമന്ത്രിയായത് നിങ്ങൾ മുൻ അധ്യായത്തിൽ വായിച്ചിട്ടുണ്ട്. തുടർന്ന് 1984-ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ അദ്ദേഹം കോൺഗ്രസിനെ വമ്പിച്ച വിജയത്തിലേക്ക് നയിച്ചു. എൺപതുകൾ അവസാനിക്കാറായപ്പോൾ നമ്മുടെ രാഷ്ട്രീയത്തിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച അഞ്ച് സംഭവവികാസങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചു.

ഒന്നാമതായി, 1989-ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിനുണ്ടായ പരാജയമാണ് ഈ കാലഘട്ടത്തിലെ നിർണായകമായ സംഭവവികാസം. 1984-ൽ 415 സീറ്റുകളിൽ വിജയിച്ച കോൺഗ്രസ് ഈ തെരഞ്ഞെടുപ്പിൽ വെറും 197 സീറ്റുകളിലേക്ക് ചുരുങ്ങി. 1991-ൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ് അവരുടെ പ്രകടനം മെച്ചപ്പെടുത്തിക്കൊണ്ട് അധികാരത്തിൽ തെരിച്ചുവന്നു. 'കോൺഗ്രസ് വ്യവസ്ഥ' എന്ന് രാഷ്ട്രതന്ത്രജ്ഞർ വിശേഷിപ്പിച്ച വ്യവസ്ഥയുടെ അന്ത്യം കുറിക്കുന്നതായിരുന്നു 1989-ലെ തെരഞ്ഞെടുപ്പ്. എന്നാൽ 1989 മുതലുള്ള കാലഘട്ടത്തിൽപ്പോലും മറ്റേതു കക്ഷിയെക്കാളും കൂടുതൽ കാലം രാജ്യം ഭരിച്ച പ്രമുഖ പാർട്ടിയാണ് കോൺഗ്രസ്. പക്ഷേ കക്ഷിസമ്പ്രദായത്തിൽ മുൻകാലത്ത് അവർ അനുഭവിച്ചിരുന്ന കേന്ദ്രസ്ഥാനം അതിന് നഷ്ടപ്പെട്ടു.



കോൺഗ്രസ് നേതാവ് സീതാറാംകേസരി ദേവഗൗഡയുടെ ഐക്യമുന്നണി ഗവൺമെന്റിനുള്ള പിന്തുണ പിൻവലിക്കുന്നു.


കോൺഗ്രസ്സിന് അതിന്റെ പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരാൻ കഴിയുമോ എന്ന് കണ്ടെത്താൻ ഞാൻ ആഗ്രഹിക്കുന്നു.



ദേശീയരാഷ്ട്രീയത്തിൽ മണ്ഡൽപ്രശ്നത്തിന്റ ഉയർച്ചയാണ് രണ്ടാമത്തെ സംഭവവികാസം. കേന്ദ്ര സർക്കാർ മേഖലയിൽ മറ്റു പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം നൽകാനുള്ള മണ്ഡൽ കമ്മീഷൻ ശുപാർശ 1990-ൽ അധികാരത്തിൽവന്ന പുതിയ ദേശീയമുന്നണി സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്നാണിത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമാസക്തമായ 'മണ്ഡൽവിരുദ്ധ' പ്രക്ഷോഭങ്ങളിലേക്ക് ഇത് നയിച്ചു. മറ്റു പിന്നാക്കവിഭാഗങ്ങളുടെ (ഒ.ബി.സി.) സംവരണത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിലുള്ള തർക്കമാണ് മണ്ഡൽപ്രശ്നം എന്നറിയപ്പെടുന്നത്. ഇത് 1989 മുതലുള്ള ഇന്ത്യൻ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.



ഈ പ്രതിഭാസത്തിന് ഒരു ദീർഘകാല ഫലമുണ്ടാകുമോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.




മണ്ഡൽവൽക്കരണത്തോടുള്ള പ്രതികരണം

വിവിധ സർക്കാരുകൾ പിന്തുടരുന്ന സാമ്പത്തിക നയങ്ങളിൽ വിപ്ലവകരമായ മാറ്റമുണ്ടായതാണ് മൂന്നാമത്തേത്. ഇതിനെ ഘടനാപരമായ ക്രമീകരണപരിപാടിയുടെ തുടക്കം അഥവാ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ എന്നറിയപ്പെടുന്നു. രാജീവ് ഗാന്ധി തുടങ്ങിവച്ച ഇവ 1991-മുതൽ കൂടുതൽ പ്രത്യക്ഷമാകുകയും സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ പിന്തുടർന്നുവന്ന സമ്പദ്‌വ്യവസ്ഥയെ സമൂലമായി മാറ്റുകയും ചെയ്തു. വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ഈ നയങ്ങളെ വ്യാപകമായി വിമർശിച്ചു. എന്നാൽ ഇക്കാലഘട്ടത്തിൽ അധികാരത്തിൽ വന്നിട്ടുള്ള വ്യത്യസ്ത സർക്കാരുകൾ ഈ നയങ്ങളെ പിന്തുടരുകയാണുണ്ടായത്.

Credit: R. K. Laxman in The Times of India




ഇത് രാഷ്ട്രീയത്തിൽ ഒരു മാറ്റമുണ്ടാക്കുമോ എന്ന് എനിക്ക് വ്യക്തതയില്ല, പ്രത്യേകിച്ച് എല്ലാവർക്കും ഒരേ നയമാണെങ്കിൽ.



പുത്തൻ സാമ്പത്തികനയത്തിന്റെ പ്രാരംഭഘട്ടത്തിൽ അന്നത്തെ ധനമന്ത്രിയായിരുന്ന മൻമോഹൻസിംഗ് പ്രധാനമന്ത്രി നരസിംഹറാവുവിനൊപ്പം.


നിരവധി സംഭവങ്ങളാൽ അയോധ്യയിലെ ബാബറി മസ്ജിദ് എന്നറിയപ്പെടുന്ന തർക്കമന്ദിരം 1992 ഡിസംബറിൽ തകർക്കപ്പെട്ടതാണ് നാലാമത്തേത്. ഈ സംഭവം ഇന്ത്യൻ രാഷ്ട്രീയത്തിൽ പല മാറ്റങ്ങൾക്കും പ്രേരകശക്തിയാവുകയും ഇന്ത്യൻ ദേശീയതയുടെയും മതേതരത്വത്തിന്റെയും സ്വഭാവത്തെക്കുറിച്ച് തീവ്രമായ സംവാദങ്ങൾക്ക് ഇടയാക്കുകയും ചെയ്തു. ബി.ജെ.പി. യുടെയും ഹിന്ദുത്വ രാഷ്ട്രീയത്തിന്റെയും ഉയർച്ചയുമായി ബന്ധപ്പെട്ടതായിരുന്നു ഈ സംഭവവികാസങ്ങൾ.





വർധിച്ചുവരുന്ന വർഗീയതയോടുള്ള ഒരു പ്രതികരണം




1991 മേയ് മാസത്തിൽ രാജീവ് ഗാന്ധിയുടെ വധം കോൺഗ്രസ് പാർട്ടിയുടെ നേതൃത്വമാറ്റത്തിലേക്ക് നയിച്ചതാണ് അവസാനത്തേത്. തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പ് പര്യടനത്തിനിടയിൽ എൽ.ടി.ടി.ഇയുമായി ബന്ധമുള്ള ഒരു ശ്രീലങ്കൻ തമിഴ്വംശത്തിൽപ്പെട്ട ഒരാളാണ് അദ്ദേഹത്തെ വധിച്ചത്. 1991-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഏറ്റവും വലിയ ഒറ്റകക്ഷിയായി ഉയർന്നുവരികയുണ്ടായി. രാജീവ് ഗാന്ധിയുടെ മരണത്തെത്തുടർന്ന് പാർട്ടി നരസിംഹറാവുവിനെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തു.





1996 മേയ് 1




1995 ഒക്ടോബർ 25




2001 ആഗസ്റ്റ് 20





2014 ഒക്ടോബർ 25

കോൺഗ്രസിലെ നേതൃത്വം നിരവധി തലക്കെട്ടുകൾ സൃഷ്ടിച്ചു.

## മുന്നണികളുടെ കാലഘട്ടം (Era of Coalitions)

1989-ലെ തെരഞ്ഞെടുപ്പ്കോൺഗ്രസ് പാർട്ടിയുടെ പരാജയത്തിലേക്ക് നയിച്ചുവെങ്കിലും മറ്റൊരു പാർട്ടിക്കും ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ല. കോൺഗ്രസ് ലോകസഭയിലെ ഏറ്റവും വലിയ കക്ഷിയായിരുന്നിട്ടും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാത്തതുകാരണം പ്രതിപക്ഷത്തിരിക്കാൻ തീരുമാനിച്ചു. ദേശീയമുന്നണി (ജനതാദളിന്റെയും ചില പ്രാദേശിക കക്ഷികളുടെയും സഖ്യം) തീർത്തും വിരുദ്ധ രാഷ്ട്രീയ ഗ്രൂപ്പുകളായ ബി.ജെ.പിയുടെയും ഇടതുമുന്നണിയുടെയും പിന്തുണ സ്വീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയമുന്നണി ഒരു കൂട്ടുകക്ഷി സർക്കാർ രൂപീകരിച്ചുവെങ്കിലും ബി.ജെ.പിയും ഇടതുമുന്നണിയും സർക്കാരിന്റെ ഭാഗമായില്ല.




Credit: Sudhir Tailang-HT Book of Cartoons

വി.പി. സിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയമുന്നണി സർക്കാരിനെ ഇടതുപക്ഷം (ജ്യോതി ബസു ഇവിടെ പ്രതിനിധീകരിക്കുന്നു) കൂടാതെ ബി.ജെ.പിയും (എൽ.കെ. അദ്വാനി പ്രതിനിധീകരിക്കുന്നു) പിന്തുണക്കുന്നു.

### കോൺഗ്രസിന്റെ പതനം (Decline of Congress)

കോൺഗ്രസ് പാർട്ടിയുടെ പരാജയം ഇന്ത്യൻ കക്ഷിസമ്പ്രദായത്തിൽ കോൺഗ്രസിനുണ്ടായിരുന്ന മേധാവിത്വത്തിന്റെ അന്ത്യം കുറിച്ചു. അഞ്ചാമത്തെ അധ്യായത്തിൽ കോൺഗ്രസ് വ്യവസ്ഥയുടെ പുനസ്ഥാപനത്തെക്കുറിച്ച് ചർച്ചചെയ്തത് നിങ്ങൾ ഓർക്കുന്നുണ്ടോ? കോൺഗ്രസ് പാർട്ടിയുടെ മേധാവിത്വം അറുപതുകളുടെ അവസാനത്തോടെ വെല്ലുവിളിക്കപ്പെട്ടു. എങ്കിലും ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രബലമായ സ്ഥാനം പുനസ്ഥാപിക്കാൻ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസിനു കഴിഞ്ഞു. തൊണ്ണൂറുകളിൽ കോൺഗ്രസിന്റെ പ്രബലമായ സ്ഥാനത്തിന് മറ്റൊരു വെല്ലുവിളിയുണ്ടാകുന്നത് കണ്ടു. എന്നിരുന്നാലും മറ്റൊരു പാർട്ടിക്ക് ഈ സ്ഥാനത്തേക്ക് ഉയരുവാൻ കഴിഞ്ഞുവെന്ന് ഇത് അർഥമാക്കുന്നില്ല.

അങ്ങനെ ബഹുകക്ഷിസമ്പ്രദായത്തിന്റെ ഒരു കാലഘട്ടം ആരംഭിച്ചു. നമ്മുടെ രാജ്യത്ത് നിരവധി രാഷ്ടരീയപാർട്ടികൾ തിരഞ്ഞെടുപ്പിൽ എല്ലായ്പ്പോഴും മത്സരിച്ചിരുന്നുവെന്നത് തീർച്ചയാണ്. വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികൾ എപ്പോഴും നമ്മുടെ ലോക്സഭയിലുണ്ടായിരുന്നു. ഒന്നോ രണ്ടോ പാർട്ടികൾക്കു മാത്രമായി ഭൂരിപക്ഷം വോട്ടുകളും സീറ്റുകളും നേടാനാവത്ത വിധത്തിൽ നിരവധി രാഷ്ട്രീയപാർട്ടികൾ 1989-നുശേഷം ഉയർന്നുവന്നു. 1989 മുതൽ 2014 വരെ നടന്ന ലോകസഭാ തിരഞ്ഞെടുപ്പുകളിൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ല എന്നതാണ് ഇതുകൊണ്ടർഥമാക്കുന്നത്. കേന്ദ്രത്തിൽ ഭരണസഖ്യങ്ങൾ രൂപീകരിക്കുന്നതിൽ പ്രാദേശികകക്ഷികൾ നിർണായക പങ്കുവഹിക്കുന്ന മുന്നണി സർക്കാരുകളുടെ കാലഘട്ടത്തിന് ഈ സംഭവങ്ങൾ തുടക്കംകുറിച്ചു.

**നമുക്ക് പുനരന്വേഷണം നടത്താം**


1990 മുതലുള്ള സംഭവങ്ങളെ സംബന്ധിച്ചുള്ള അവരുടെ ഓർമകളെക്കുറിച്ച് മാതാപിതാക്കളോട് സംസാരിക്കുക. ആ കാലഘട്ടത്തിലെ ഏറ്റവും പ്രധാന സംഭവമായി അവർക്ക് അനുഭവപ്പെട്ടത് എന്താണെന്ന് മാതാപിതക്കളോട് ചോദിക്കാം. ഗ്രൂപ്പുകളായിരുന്ന് നിങ്ങളുടെ മാതാപിതാക്കൾ സൂചിപ്പിച്ച സംഭവങ്ങളുടെ സമഗ്രമായ ഒരു പട്ടിക തയാറാക്കുക. ഏതൊക്കെ സംഭവങ്ങൾക്കാണ് അവർ കൂടുതൽ ഊന്നൽ നൽകിയതെന്നും അവയെ ഈ അധ്യായത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതായി കാണിച്ചിട്ടുള്ള സംഭവങ്ങളുമായി താരതമ്യം ചെയ്യുക. എന്തുകൊണ്ടാണ് ചില സംഭവങ്ങൾ ചിലർക്ക് പ്രധാനപ്പെട്ടതും മറ്റു ചിലർക്ക് അപ്രധാനമാകുന്നതെന്നും കൂടി നിങ്ങൾക്ക് ചർച്ചചെയ്യാം.

### മുന്നണി രാഷ്ട്രീയം (Alliance politics))

ദളിതരെയും പിന്നാക്ക ജാതികളെയും (മറ്റുപിന്നാക്ക വിഭാഗങ്ങൾ) പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയകക്ഷികളും പ്രസ്ഥാനങ്ങളും ഉയർന്നുവരുന്നതിനും തൊണ്ണൂറുകൾ സാക്ഷ്യംവഹിച്ചു. ഇവയിൽ പലതും പ്രാദേശികവാദത്തെ പ്രതിനിധീകരിക്കുന്നവ കൂടിയായിരുന്നു. 1996-ൽ അധികാരത്തിൽ വന്ന ഐക്യമുന്നണി (United Front) സർക്കാരിൽ ഈ പാർട്ടികൾ നിർണായക പങ്കുവഹിച്ചു. 1989-ലെ ദേശീയമുന്നണിയെപ്പോലെ ഐക്യമുന്നണിയിൽ ജനതാദളും വിവിധ പ്രദേശികപാർട്ടികളും ഉൾപ്പെട്ടിരുന്നു, എന്നാൽ ഇക്കാലത്ത് ബി.ജെ.പി. ഈ സർക്കാരിനെ പിന്തുണച്ചില്ല. അതേസമയം ഐക്യമുന്നണി സർക്കാരിനെ കോൺഗ്രസ് പിന്തുണച്ചിരുന്നു. രാഷ്ട്രീയ സമവാക്യങ്ങൾ എത്രമാത്രം അസ്ഥിരമാണെന്ന് ഇത് വ്യക്തമാക്കുന്നു. കോൺഗ്രസിനെ അധികാരത്തിൽനിന്നും പുറത്തുനിർത്താൻ ഇടതുപക്ഷവും ബി.ജെ.പിയും 1989-ൽ ദേശീയമുന്നണിയെ പിന്തുണച്ചു. 1996-ൽ ഇടതുപക്ഷം കോൺഗ്രസിതര സർക്കാരിനുള്ള പിന്തുണ തുടർന്നു. കോൺഗ്രസ്സിനും ഇടതുപക്ഷത്തിനും ബി.ജെ.പിയെ അധികാരത്തിൽ നിന്നും അകറ്റിനിർത്തേണ്ടിയിരുന്നതിനാൽ ഇത്തവണ കോൺഗ്രസും ഈ മുന്നണിയെ പിന്തുണച്ചു.

1991-ലെയും 1996-ലെയും തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. അവരുടെ നില മെച്ചപ്പെടുത്തിയതിനാൽ ഈ സഖ്യം അധികകാലം നീണ്ടുനിന്നില്ല. 1996-ലെ തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റകക്ഷിയായി ഉയർന്നുവന്ന ബി.ജെ.പിയെ സർക്കാർ രൂപീകരിക്കാൻ ക്ഷണിച്ചു. എന്നാൽ മറ്റു പാർട്ടികളിൽ ഭൂരിഭാഗവും അവരുടെ നയങ്ങളെ എതിർത്തതുകാരണം ലോകസഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ കഴിഞ്ഞില്ല. അവസാനം 1998 മേയ് മുതൽ 1999 ജൂൺ വരെ ഒരു മുന്നണിസർക്കാരിന് നേതൃത്വം കൊടുത്തുകൊണ്ട് അധികാരത്തിൽ വരികയും, 1999

ഒക്ടോബറിൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ രണ്ടു തവണയും എൻ.ഡി.എ. സർക്കാരിന്റെ പ്രധാനമന്ത്രിയായിരുന്നു അടൽ ബിഹാരി വാജ്പേയി. അതുപോലെ 1999-ൽ രൂപീകരിച്ച അദ്ദേഹത്തിന്റെ സർക്കാർ കാലവധി പൂർത്തിയാക്കുകയും ചെയ്തു.




Credit: Ajit Ninan/India Today

ഏകകക്ഷി മേധാവിത്വത്തിൽനിന്നും ബഹുകക്ഷി മുന്നണി വ്യവസ്ഥയിലേക്കുള്ള മാറ്റം കാർട്ടൂണിസ്റ്റിന്റെ ഭാവനയിൽ

ഇപ്രകാരം 1989-ലെ തെരഞ്ഞെടുപ്പോടുകൂടി മുന്നണി രാഷ്ട്രീയത്തിന്റെ സുദീർഘമായ ഒരു കാലഘട്ടം ഇന്ത്യയിൽ ഉദയം ചെയ്തു. അതിനുശേഷം മറ്റുപാർട്ടികളുടെ പുറമെനിന്നുള്ള പിന്തുണയോടെ പതിനൊന്ന് ന്യൂനപക്ഷ സർക്കാരുകളോ മുന്നണി സർക്കാരുകളോ കേന്ദ്രത്തിൽ അധികാരത്തിൽ വരികയുണ്ടായി. ഈ പുതിയ കാലഘട്ടത്തിൽ വിവിധ പ്രാദേശികപാർട്ടികളുടെ പങ്കാളിത്തത്തോടെയോ പിന്തുണയോടെയോ മാത്രമേ ഒരു സർക്കാർ രൂപീകരിക്കാൻ കഴിയുമായിരുന്നുള്ളു. ഇത് 1989-ലെ ദേശീയമുന്നണി, 1996, 1997 വർഷങ്ങളിലെ ഐക്യമുന്നണി, 1998-ലെ ബി.ജെ.പി. സഖ്യം, 1999-ലെ ദേശീയ ജനാധിപത്യ സഖ്യം, 2004, 2009-കളിലെ ഐക്യ പുരോഗമന മുന്നണി (യു.പി.എ.) സർക്കാരുകൾക്ക് ബാധകമായിരുന്നു. ഈ പ്രവണതക്ക് 2014-ഓടുകൂടി മാറ്റം വന്നു.

ഈ സംഭവവികാസങ്ങളെ നാം ഇതുവരെ പഠിച്ച കാര്യങ്ങളുമായി ബന്ധിപ്പിച്ചു നോക്കാം. മുന്നണി രാഷ്ട്രീയകാലഘട്ടം എന്നത് കഴിഞ്ഞ കുറേ ദശകങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന താരതമ്യേന നിശബ്ദമായ മാറ്റങ്ങളുടെ ഫലമായുണ്ടായ ദീർഘകാല പ്രവണതയായി കാണാവുന്നതാണ്.

മുമ്പ് കോൺഗ്രസ് പാർട്ടി എന്നതുതന്നെ വ്യത്യസ്ത താൽപര്യങ്ങളുടെയും വിഭിന്ന സാമൂഹികവിഭാഗങ്ങളുടെയും ഒരു മുന്നണിയായിരുന്നു എന്ന കാര്യം രണ്ടാമത്തെ അധ്യായത്തിൽ നമ്മൾ കണ്ടതാണല്ലോ. ഇത് കോൺഗ്രസ് വ്യവസ്ഥ (Congress system) എന്ന പദം ഉയർന്നുവരുന്നതിന് കാരണമായി.

## 1989 മുതലുള്ള കേന്ദ്ര സർക്കാരുകൾ


| കാലഘട്ടം | മുന്നണി/കക്ഷികൾ രൂപീകരിച്ച ഗവൺമെന്റുകൾ |
|---|---|
| 1989 ഡിസംബർ 1990 നവംബർ | ഇടതുമുന്നണിയുടെയും ബി.ജെ.പി.യുടെയും പിന്തുണയോടെ ദേശീയ മുന്നണി |
| 1990 നവംബർ 1991 ജൂൺ | സമാജ്‌വാദി ജനതാപാർട്ടിയുടെ നേതൃത്വത്തിൽ ദേശീയമുന്നണിയുടെ ഒരു വിഭാഗം കോൺഗ്രസ് പിന്തുണയോടെ |
| 1991 ജൂൺ 1996 മേയ് | എ.ഐ.എ.ഡി.എം.കെ. യുടെയും ചില ചെറിയ പാർട്ടികളുടെയും പിന്തുണയോടെ കോൺഗ്രസ് |
| 1996 മേയ് 1996 ജൂൺ | ബി.ജെ.പി. ന്യൂനപക്ഷ ഗവൺമെന്റ് |
| 1996 ജൂൺ 1997 ഏപ്രിൽ | കോൺഗ്രസ് പിന്തുണയോടെ ഐക്യമുന്നണി |
| 1997 ഏപ്രിൽ 1998 മാർച്ച് | കോൺഗ്രസ് പിന്തുണയോടെ ഐക്യ മുന്നണി |
| 1998 മാർച്ച് 1999 ഒക്ടോബർ 1999 ഒക്ടോബർ 2004 മേയ് | ബി.ജെ.പി. നേതൃത്വത്തിൽ ദേശീയ ജനാധിപത്യ സഖ്യം |
| 2004 മേയ് 2014 മേയ് | കോൺഗ്രസിന്റെ നേതൃത്വത്തിൽ ദേശീയ പുരോഗമന സഖ്യം |
| 2014 മേയ് മുതൽ | ബി.ജെ.പി. നേതൃത്വത്തിൽ ദേശീയ ജനാധിപത്യ സഖ്യം |



വി.പി.സിംഗ്


ചന്ദ്ര ശേഖർ


പി.വി. നരസിംഹറാവു



എ.ബി. വാജ്പേയി


എച്ച്.ഡി. ദേവഗൗഡ


ഐ.കെ. ഗുജ്റാൾ


എ.ബി. വാജ്പേയി


മൻമോഹൻ സിംഗ്


നരേന്ദ്രമോദി

മുൻ പ്രധാനമന്ത്രിമാരെക്കുറിച്ചും ഇപ്പോഴത്തെ പ്രധാനമന്ത്രിയെക്കുറിച്ചും കൂടുതൽ വിവരങ്ങളറിയാൻ താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കാം: http://pmindia.gov.in/en

കുറിപ്പ്: ഗവൺമെന്റുകളുടെ മുഖ്യനയങ്ങൾ, പ്രകടനം, വിവാദങ്ങൾ എന്നിവയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ രേഖപ്പെടുത്താൻ നിങ്ങൾക്ക് ശൂന്യ ഇടങ്ങൾ ഉപയോഗിക്കാം.

1960-കളുടെ അന്ത്യത്തോടെ വിവിധ വിഭാഗങ്ങൾ കോൺഗ്രസ് പാർട്ടിവിട്ട് സ്വന്തം രാഷ്ട്രീയകക്ഷികൾ രൂപീകരിച്ചുവെന്ന കാര്യവും നാം അഞ്ചാം അധ്യായത്തിൽ കണ്ടുവല്ലോ. 1977-നുശേഷം വിവിധ പ്രാദേശികപാർട്ടികളുടെ രൂപീകരണവും നാം ശ്രദ്ധിച്ചുവല്ലോ. ഈ സംഭവവികാസങ്ങൾ കോൺഗ്രസിനെ ദുർബലപ്പെടുത്തിയെങ്കിലും കോൺഗ്രസിന് ബദലായി മറ്റൊരു പാർട്ടിയും ഉയർന്നുവന്നില്ല.




### മറ്റു പിന്നാക്കവിഭാഗങ്ങളുടെ രാഷ്ട്രീയ ഉയർച്ച (Political Rise of Other Backward Classes)

മറ്റു പിന്നാക്കവിഭാഗങ്ങൾ ഒരു രാഷ്ട്രീയശക്തിയായി ഉയർന്നുവന്നതാണ് ഈ കാലഘട്ടത്തിലെ മറ്റൊരു പ്രധാന സംഭവവികാസം. OBC എന്ന പദം നിങ്ങൾക്കു പരിചിതമാണല്ലോ. ഭരണതലത്തിൽ ഇത് സൂചിപ്പിക്കുന്നത് മറ്റു പിന്നാക്കവിഭാഗങ്ങൾ എന്നാണ്. വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗവിഭാഗങ്ങൾ ഒഴിച്ചുള്ള സമുദായങ്ങളാണ് ഇവ. ഇവരെ പിന്നാക്കജാതികൾ എന്നും പരാമർശിക്കുന്നു. പിന്നാക്കജാതികളിൽ പല വിഭാഗങ്ങളുടെയും പിന്തുണയിൽ കോൺഗ്രസിന് ഇടിവ് സംഭവിച്ചുവെന്ന കാര്യം ആറാം അധ്യായത്തിൽ നമ്മൾ ശ്രദ്ധിച്ചതാണല്ലോ. ഈ സമുദായങ്ങളുടെ പിന്തുണയോടെ കോൺഗ്രസിതര പാർട്ടികൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരിടം സൃഷ്ടിച്ചു. ഈ രാഷ്ട്രീയകക്ഷികളുടെ ദേശീയതലത്തിലുള്ള രാഷ്ട്രീയപ്രവേശനത്തിന്റെ തുടക്കം കുറിച്ചത് 1977-ലെ ജനതാ പാർട്ടി സർക്കാരിന്റെ രൂപീകരണത്തിലായിരുന്നു എന്ന കാര്യം നിങ്ങൾ ഓർമിക്കുമല്ലോ. ജനതാ പാർട്ടിയുടെ ഘടകമായിരുന്ന ഭാരതീയ ക്രാന്തിദൾ, സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി എന്നിവയ്ക്ക് ചില പിന്നാക്കവിഭാഗങ്ങൾക്കിടയിൽ ശക്തമായ ഗ്രാമീണ അടിത്തറയുണ്ടായിരുന്നു.

### നടപ്പിലാക്കപ്പെട്ട 'മണ്ഡൽ' ('Mandal' implemented)

1980-കളിൽ മറ്റു പിന്നാക്കവിഭാഗങ്ങളുടെ ശക്തമായ പിന്തുണയോടുകൂടി സമാനചിന്താഗതിക്കാരായ വിവിധ രാഷ്ട്രീയവിഭാഗങ്ങളുടെ ഒരു ഐക്യനിര ജനതാദൾ കൊണ്ടുവന്നു. ദേശീയമുന്നണി സർക്കാർ മണ്ഡൽകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാൻ തീരുമാനിച്ചത് 'മറ്റു പിന്നാക്കവിഭാഗ'ങ്ങളുടെ രാഷ്ട്രീയം രൂപീകരിക്കുന്നതിന് സഹായകമായി. തൊഴിൽ സംവരണത്തിനനുകൂലമായും പ്രതികൂലമായും ദേശീയാടിസ്ഥാനത്തിൽ നടന്ന തീക്ഷ്ണമായ സംവാദങ്ങൾ

ഒ.ബി.സി. വിഭാഗങ്ങളെ തങ്ങളുടെ സ്വത്വത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കി. അങ്ങനെ ഈ വിഭാഗങ്ങളെ രാഷ്ട്രീയത്തിൽ അണിനിരത്താൻ ആഗ്രഹിച്ചവർക്ക് ഇത് കൂടുതൽ സഹായകമായി. ഈ കാലഘട്ടത്തിൽ ഒ.ബി.സിക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ അവസരം നൽകണമെന്നും അവർക്ക് അധികാരത്തിൽ പങ്കാളിത്തം നൽകണമെന്നും ആവശ്യപ്പെടുന്ന നിരവധി രാഷ്ട്രീയ കക്ഷികൾ ഉയർന്നുവന്നു. ഇന്ത്യൻ സമൂഹത്തിൽ വലിയൊരു വിഭാഗം മറ്റു പിന്നാക്കവിഭാഗങ്ങളാണെന്നും ആയതിനാൽ ഭരണത്തിലും രാഷ്ട്രീയ അധികാരത്തിലും മതിയായ പങ്ക് ലഭിക്കേണ്ടത് തികച്ചും ജനാധിപത്യപരമാണെന്നും ഈ പാർട്ടികൾ അവകാശപ്പെട്ടു.




മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നത് പ്രതിഷേധങ്ങൾക്കും രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്കും തിരികൊളുത്തി.

**മണ്ഡൽ കമ്മീഷൻ (The Mandal Commission)**

1960 മുതൽ ഒ.ബി.സിക്കുള്ള സംവരണം തെക്കൻ സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്നു. എന്നാൽ ഈ നയം വടക്കൻ സംസ്ഥാനങ്ങളിൽ പ്രാവർത്തികമാക്കിയിരുന്നില്ല. 1977–79 കാലഘട്ടത്തിൽ ജനതാപാർട്ടി സർക്കാർ ഭരണകാലത്താണ് ഉത്തരേന്ത്യയിലും ദേശീയതലത്തിലും പിന്നാക്ക ജാതിക്കാർക്ക് സംവരണം വേണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കപ്പെട്ടത്. ബീഹാറിലെ മുഖ്യമന്ത്രിയായിരുന്ന കർപ്പൂരി താക്കൂർ ആയിരുന്നു ഈ ദിശയിലെ മുന്നണിപ്പോരാളി. ബീഹാറിൽ ഒ.ബി.സിക്കാർക്ക് സംവരണം നൽകുന്ന പുതിയ നയത്തിന് അദ്ദേഹം തുടക്കംകുറിച്ചു. ഇതിനെത്തുടർന്ന് പിന്നാക്കവിഭാഗങ്ങളുടെ അവസ്ഥ പരിശോധിക്കുന്നതിനും അവരുടെ സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കുന്നതിനുമായി ഒരു കമ്മീഷനെ 1978–ൽ കേന്ദ്ര സർക്കാർ നിയമിച്ചു. ഇത്തരത്തിലൊരു കമ്മീഷനെ സർക്കാർ നിയോഗിക്കുന്നത് സ്വാതന്ത്ര്യത്തിനുശേഷം രണ്ടാമത്തെ തവണയായിരുന്നു. അതുകൊണ്ട് രണ്ടാം പിന്നാക്ക കമ്മീഷൻ എന്നാണ് ഇത് ഔദ്യോഗികമായി അറിയപ്പെടുന്നത്. ഇതിന്റെ ചെയർമാനായിരുന്ന ബിന്ദേശ്വരി പ്രസാദ് മണ്ഡലിന്റെ പേരിനെ അടിസ്ഥാനമാക്കി ഈ കമ്മീഷൻ പൊതുവെ മണ്ഡൽ കമ്മീഷൻ എന്നറിയപ്പെടുന്നു.



**ബി.പി. മണ്ഡൽ**
(1918–1982):
1967–1970 വരെയും 1977–1979 വരെയും ബീഹാറിൽ നിന്നുള്ള എം.പി; മറ്റു പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം ശുപാർശ ചെയ്ത രണ്ടാം പിന്നാക്ക കമ്മീഷൻ അധ്യക്ഷൻ; ബീഹാറിൽനിന്നുള്ള സോഷ്യലിസറ്റ് നേതാവ്, 1968–ൽ ഒന്നര മാസത്തേക്ക് ബീഹാർ മുഖ്യമന്ത്രി; 1977–ൽ ജനതാപാർട്ടിയിൽ ചേർന്നു.

ഇന്ത്യൻ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസപരവും സാമൂഹികവുമായ പിന്നാക്കാവസ്ഥയുടെ വ്യാപ്തി അന്വേഷിക്കുന്നതിനും ഈ പിന്നാക്കാവിഭാഗങ്ങളെ തിരിച്ചറിയുന്നതിനുള്ള മാർഗങ്ങൾ ശുപാർശ ചെയ്യുന്നതിനുമാണ് മണ്ഡൽ കമ്മീഷൻ രൂപീകരിച്ചത്. ഈ പിന്നാക്കാവസ്ഥ അവസാനിപ്പിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ശുപാർശകൾ നൽകുമെന്നും പ്രതീക്ഷിച്ചിരുന്നു. 1980–ൽ കമ്മീഷൻ അതിന്റെ ശുപാർശകൾ സമർപ്പിച്ചു. അപ്പോഴേക്കും ജനതാ സർക്കാർ നിലംപതിച്ചിരുന്നു. പിന്നാക്കവിഭാഗങ്ങൾ എന്നത് പിന്നാക്ക ജാതിക്കാർ എന്നർഥമുള്ളതാണെന്ന് മനസ്സിലാക്കണമെന്ന് കമ്മീഷൻ ഉപദേശിച്ചു, കാരണം പട്ടികജാതിക്കാർ ഒഴികെയുള്ള പല ജാതികളെയും ജാതിശ്രേണിയിൽ താഴ്ന്നവരായി കണക്കാക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും പൊതുസേവനമേഖലയിലെ ഉദ്യോഗങ്ങളിലും പിന്നാക്കക്കാരുടെ സാന്നിദ്ധ്യം വളരെ കുറവായിരുന്നുവെന്ന് കമ്മീഷൻ നടത്തിയ സർവെയിലൂടെ കണ്ടെത്തി. അതുകൊണ്ട് ഈ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലിയിലും 27 ശതമാനം സീറ്റുകൾ സംവരണം ചെയ്യണമെന്ന് ശുപാർശ ചെയ്തു. ഒ.ബി.സിക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിലേക്കായി ഭൂപരിഷ്കരണംപോലുള്ള മറ്റുപല ശുപാർശകളും മണ്ഡൽ കമ്മീഷൻ നൽകി.

1990 ആഗസ്റ്റിൽ ദേശീയ മുന്നണി സർക്കാർ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലുമുള്ള ഉദ്യോഗങ്ങളിൽ ഒ.ബി.സിയുടെ സംവരണവുമായി ബന്ധപ്പെട്ട മണ്ഡൽ കമ്മീഷന്റെ ശുപാർശകളിലൊന്ന് നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ തീരുമാനം ഉത്തരേന്ത്യയിലെ പല നഗരങ്ങളിലും പ്രക്ഷോഭങ്ങൾക്കും അക്രമാസക്തമായ പ്രതിഷേധങ്ങൾക്കും കാരണമായി. ഈ തീരുമാനം സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ഹർജിക്കാരിൽ ഒരാളുടെ പേരിൽ ഇന്ദിര സാഹ്നി കേസ് എന്നറിയപ്പെടുകയും ചെയ്തു. 1992 നവംബറിൽ സുപ്രീംകോടതി സർക്കാരിന്റെ തീരുമാനം ശരിവച്ചുകൊണ്ട് ഉത്തരവ് നൽകി. ഈ തീരുമാനം നടപ്പാക്കുന്ന രീതിയെക്കുറിച്ച് രാഷ്ട്രീയപാർട്ടികൾക്കിടയിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഒ.ബി.സിക്കാർക്ക് സംവരണം നൽകുന്ന നയത്തിന് രാജ്യത്തെ എല്ലാ പ്രധാന രാഷ്ട്രീയപാർട്ടികളുടെയും പിന്തുണയുണ്ട്.

### രാഷ്ട്രീയ കലഹങ്ങൾ (Political fallouts)

1980-കൾ ദളിതരുടെ രാഷ്ട്രീയ സംഘടനകളുടെ ഉയർച്ചക്ക് സാക്ഷ്യംവഹിച്ചു. 1978-ൽ ബാക്ക്‌വേർഡ് ആന്റ് മൈനോറിറ്റി കമ്മ്യൂണിറ്റീസ് എംപ്ലോയീസ് ഫെഡറേഷൻ (BAMCEF) രൂപീകരിക്കപ്പെട്ടു. അത് സർക്കാർ ജീവനക്കാരുടെ ഒരു സാധാരണ ട്രേഡ് യൂണിയൻ ആയിരുന്നില്ല. പട്ടികജാതി, പട്ടികവർഗ, മറ്റു പിന്നാക്കവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരടങ്ങുന്ന 'ബഹുജന്' രാഷ്ട്രീയാധികാരം ലഭിക്കുന്നതിനുവേണ്ടി ഈ സംഘടന ശക്തമായ നിലപാട് സ്വീകരിച്ചു. ഇതിൽനിന്നാണ് ദളിത് ശോഷിത് സമാജ് സംഘർഷ് സമിതിയും പിന്നീട് ബഹുജൻ സമാജ് പാർട്ടിയും (ബി.എസ്.പി.) കൻഷിറാമിന്റെ നേതൃത്വത്തിൽ രൂപം കൊണ്ടത്. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ ദളിത് വോട്ടർമാരുടെ പിന്തുണയോടെ ഒരു ചെറിയ പാർട്ടിയായിട്ടായിരുന്നു ബി.എസ്.പിയുടെ ആരംഭം. എന്നാൽ 1989, 1991 തിരഞ്ഞെടുപ്പുകളിൽ ഉത്തർപ്രദേശിൽ ഒരു വഴിത്തിരിവുണ്ടാക്കുവാൻ ബി.എസ്.പിക്ക് കഴിഞ്ഞു. സ്വതന്ത്ര ഇന്ത്യയിൽ വലിയ ദളിത് പിന്തുണയോടെ ഒരു കക്ഷി ഇത്തരത്തിലൊരു രാഷ്ട്രീയവിജയം നേടുന്നത് ആദ്യമായിട്ടായിരുന്നു.

യഥാർത്ഥത്തിൽ പ്രായോഗികരാഷ്ട്രീയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സംഘടനയായാണ് കൻഷിറാം ബി.എസ്.പിയെ രൂപകൽപന ചെയ്തത്. ഇന്ത്യൻ ജനസംഖ്യയുടെ ഭൂരിഭാഗവും ബഹുജൻ (പട്ടികജാതി, പട്ടികവർഗ, മറ്റു പിന്നാക്കവിഭാഗങ്ങളും മതന്യൂനപക്ഷങ്ങളും) ആണെന്നതും എണ്ണത്തിന്റെ കാര്യത്തിൽ ഇവർ പ്രബലമായ ഒരു രാഷ്ട്രീയശക്തി എന്ന വസ്തുതയുമാണ് ഈ പാർട്ടിക്ക് ആത്മവിശ്വാസം നൽകിയത്. ബി.എസ്.പി. ഒരു രാഷ്ട്രീയശക്തിയായി മാറിയതുമുതൽ സംസ്ഥാനത്ത് ഒന്നിലധികം തവണ അധികാരത്തിലെത്താൻ ആ പർട്ടിക്ക് കഴിഞ്ഞു. അവരുടെ ശക്തികേന്ദ്രം ദളിത് വോട്ടുകളാണെങ്കിലും മറ്റു സാമൂഹിക വിഭാഗങ്ങൾക്കിടയിൽ സ്വാധീനം വർധിപ്പിക്കാൻ അവർക്ക് പിന്നീട് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ പല ഭാഗങ്ങളിലും, ദളിത് രാഷ്ട്രീയവും മറ്റു പിന്നാക്ക വിഭാഗങ്ങളുടെ രാഷ്ട്രീയവും സ്വതന്ത്രമായും എന്നാൽ പലപ്പോഴും പരസ്പരം മത്സരിച്ചുമാണ് വികാസം പ്രാപിച്ചത്.



**കൻഷിറാം (1934-2006):** പിന്നാക്കവിഭാഗ ശാക്തീകരണത്തിന്റെ ഉപജ്ഞാതാവ്; ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി) യുടെ സ്ഥാപകൻ; സാമൂഹിക, രാഷ്ട്രീയ പ്രവർത്തനത്തിനുവേണ്ടി കേന്ദ്ര സർക്കാർ ജോലി രാജിവച്ചു; BAMCEF, DS-4; എന്നിവയുടെ സ്ഥാപകൻ; 1984-ൽ ബി.എസ്.പി. സ്ഥാപിച്ചു; സൂക്ഷ്മ ബുദ്ധിയുള്ള രാഷ്ട്രീയ തന്ത്രജ്ഞൻ; രാഷ്ട്രീയ അധികാരത്തെ സാമൂഹിക സമത്വം കൈവരിക്കുന്നതിനുള്ള ഉപാധിയായി അദ്ദേഹം കരുതി; ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ദളിതരുടെ ഉയർത്തെഴുന്നേൽപ്പിന്റെ ബഹുമതി അദ്ദേഹത്തിനുള്ളതാണ്.



## വർഗീയത, മതേതരത്വം, ജനാധിപത്യം
## (Communalism, Secularism, Democracy)

ഈ കാലഘട്ടത്തിലെ മറ്റൊരു ദീർഘകാല സംഭവവികാസം മതപരമായ സ്വത്വത്തെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയത്തിന്റെ വളർച്ച മതേതരത്വത്തെയും ജനാധിപത്യത്തെയും കുറിച്ചുള്ള സംവാദങ്ങളിലേക്ക് നയിച്ചു എന്നതാണ്. അടിയന്തിരാവസ്ഥക്കുശേഷം ഭാരതീയ ജനസംഘം ജനതാപാർട്ടിയിൽ ലയിച്ചകാര്യം നാം ആറാം അധ്യായത്തിൽ പഠിച്ചുവല്ലോ. ജനതാപാർട്ടിയുടെ പതനത്തിനും പിളർപ്പിനും ശേഷം മുമ്പ് ജന സംഘത്തിന്റെ അനുയായികളായിരുന്നവർ ചേർന്ന് 1980-ൽ ഭാരതീയ ജനതാ പാർട്ടി (ബി.ജെ.പി.) രൂപീകരിച്ചു. തുടക്കത്തിൽ ജനസംഘത്തേക്കാളും വിശാലമായ ഒരു രാഷ്ട്രീയ കാഴ്ചപ്പാടാണ് ബി.ജെ.പി. സ്വീകരിച്ചത്. ഗാന്ധിയൻ സോഷ്യലിസത്തെ അതിന്റെ പ്രത്യയശാസ്ത്രമായി സ്വീകരിച്ചു. പക്ഷേ 1980-ലെയും 1984-ലെയും തിരഞ്ഞെടുപ്പുകളിൽ മികച്ച വിജയം നേടാൻ പാർട്ടിക്കായില്ല. 1986-നുശേഷം പാർട്ടി തങ്ങളുടെ പ്രത്യയശാസ്ത്രത്തിൽ ഹൈന്ദവദേശീയതക്ക് ഊന്നൽ കൊടുക്കാൻ തീരുമാനിച്ചു. ബി.ജെ.പി. ഹിന്ദുത്വ രാഷ്ട്രീയത്തെ പിന്തുടരുകയും ഹിന്ദുക്കളെ അണിനിരത്തുക എന്ന തന്ത്രം സ്വീകരിക്കുകയും ചെയ്തു.

ഹിന്ദുത്വ എന്ന പദം സൂചിപ്പിക്കുന്നത് 'ഹൈന്ദവത' എന്നാണ്. ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനത്തിലാണ് ഹൈന്ദവതയുടെ ഉപജ്ഞാതാവായിട്ടുള്ള വി.ഡി. സവർക്കർ അതിനെ നിർവചിച്ചത്. അടിസ്ഥാനപരമായി ഇത് അർഥമാക്കുന്നത് ഇന്ത്യാക്കാരെന്ന നിലയിൽ എല്ലാവരും ഇന്ത്യയെ പിതൃഭൂമിയായി മാത്രം അംഗീകരിച്ചാൽപോര, മറിച്ച് അവരുടെ പുണ്യഭൂമിയായും അംഗീകരിക്കണം എന്നതാണ്. കരുത്തുറ്റൊരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ ശക്തവും ഏകീകൃതവുമായ ഒരു ദേശീയ സംസ്കാരത്തിന്റെ അടിത്തറ ആവശ്യമാണെന്ന് ഹിന്ദുത്വയിൽ വിശ്വസിക്കുന്നവർ വാദിക്കുന്നു. ഇന്ത്യയുടെ കാര്യത്തിൽ ഹിന്ദുസംസ്കാരത്തിനു മാത്രമേ ഇത്തരത്തിലൊരു സംസ്കാരിക അടിത്തറ നൽകാൻ കഴിയുവെന്നും അവർ വിശ്വസിക്കുന്നു.

1986 കാലഘട്ടത്തിലുണ്ടായ രണ്ട് പ്രധാന സംഭവവികാസങ്ങൾ ബി.ജെ.പി. ഒരു ഹിന്ദുത്വകക്ഷിയാവുന്നതിൽ നിർണായകമായി. 1985-ലെ ഷാബാനു കേസാണ് ആദ്യ സംഭവം. ഈ കേസിൽ 62 വയസ്സുള്ള വിവാഹമോചിതയായ ഒരു മുസ്‌ലിം സ്ത്രീ തന്റെ മുൻ ഭർത്താവിൽനിന്നും ജീവനാംശം ആവശ്യപ്പെട്ടുകൊണ്ട് ഒരു കേസ് ഫയൽ ചെയ്തു. സുപ്രീംകോടതി അവർക്കനുകൂലമായി വിധി പ്രസ്താവിച്ചു. എന്നാൽ യാഥാസ്ഥിതികരായ മുസ്‌ലിങ്ങൾ സുപ്രിംകോടതി വിധിയെ മുസ്‌ലിം വ്യക്തിനിയമത്തിനെതിരായ കടന്നുകയറ്റമായി കണ്ടു. ചില മുസ്‌ലിം നേതാക്കളുടെ ആവശ്യത്തിനു വഴങ്ങി സർക്കാർ മുസ്‌ലിം വനിതാ നിയമം, 1986 (വിവാഹമോചിതരുടെ അവകാശസംരക്ഷണ നിയമം) പാസ്സാക്കുകയും അതുവഴി സുപ്രിംകോടതി വിധിയെ അസാധുവാക്കുകയും ചെയ്തു. സർക്കാരിന്റെ ഈ നടപടിയെ അനേകം വനിതാ സംഘടനകളും മുസ്‌ലിം വിഭാഗങ്ങളും മിക്ക ബുദ്ധിജീവികളും ശക്തമായി എതിർത്തു. കോൺഗ്രസ് സർക്കാരിന്റെ ഈ നടപടിയെ അനാവശ്യസൗജന്യമായും ന്യൂനപക്ഷ പ്രീണനമായും ബി.ജെ.പി. വിമർശിച്ചു.

### അയോധ്യാ തർക്കം (Ayodhya dispute)


1986 ഫെബ്രുവരിയിൽ ഫൈസാബാദ് ജില്ലാകോടതി പുറപ്പെടുവിച്ച ഉത്തരവായിരുന്നു രണ്ടാമത്തെ സംഭവവികാസം. ഹിന്ദുക്കൾ ക്ഷേത്രമായി കരുതുന്ന ഭാഗത്ത് ആരാധന നടത്താൻ ബാബറിമസ്ജിദ് തുറന്നുകൊടുക്കണമെന്ന് കോടതി ഉത്തരവിട്ടു. അയോധ്യയിലെ ബാബറിമസ്ജിദ് എന്നറിയപ്പെടുന്ന മുസ്‌ലിംപള്ളിയെ സംബന്ധിച്ച് പതിറ്റാണ്ടുകളായി തർക്കം നിലനിന്നിരുന്നു. 16-ാം നൂറ്റാണ്ടിൽ ബാബറിന്റെ ജനറലായിരുന്ന മിർബഖിയാണ് അയോധ്യയിലെ പള്ളി പണികഴിപ്പിച്ചത്. ശ്രീരാമന്റെ ജന്മസ്ഥലമായി വിശ്വസിക്കപ്പെടുന്ന സ്ഥലത്തെ ശ്രീരാമക്ഷേത്രം പൊളിച്ചുമാറ്റിയാണ് ഇത് പണികഴിപ്പിച്ചതെന്ന് ചില ഹിന്ദു

ക്കൾ വിശ്വസിക്കുന്നു. ഈ തർക്കം കോടതിവ്യവഹാരമാകുകയും ദശാബ്ദങ്ങളോളം തുടരുകയും ചെയ്തു. കോടതിയുടെ പിഗണനയിലായതിനാൽ 1940-കളിൽ പള്ളി അടച്ചുപൂട്ടി.


ബാബരിമസ്ജിദ് തുറന്ന ഉടൻതന്നെ ഇരുവിഭാഗങ്ങളും ജനങ്ങളെ സംഘടിപ്പിക്കാൻ ആരംഭിച്ചു. വിവിധ ഹിന്ദു, മുസ്‌ലിം സംഘടനകൾ ഈ പ്രശ്നത്തിന്റെ പേരിൽ അവരുടെ സമുദായങ്ങളെ സംഘടിപ്പിക്കുവാൻ ശ്രമിച്ചു. ഒരു പ്രാദേശിക വിഷയമായിരുന്ന ഈ പ്രശ്നം പെട്ടെന്നുതന്നെ ഒരു മുഖ്യ ദേശീയപ്രശ്നമായി മാറുകയും വർഗീയസംഘർഷങ്ങളിലേക്ക് നയിക്കുകയും ചെയ്തു. ബി.ജെ.പി. ഈ പ്രശ്നത്തെ ഒരു മുഖ്യ രാഷ്ട്രീയ തെരഞ്ഞെടുപ്പ് കർമപരിപാടിയാക്കി മാറ്റി. ആർ.എസ്.എസ്., വിശ്വഹിന്ദു പരിഷത്ത് തുടങ്ങിയ സംഘടനകളുമായി ചേർന്ന് ഇവർ പ്രതീകാത്മകവും ജനങ്ങളെ സംഘടിപ്പിക്കുന്നതിനുമുള്ള പരിപാടികൾ നടപ്പിലാക്കി. വൻതോതിലുള്ള ഇത്തരം പടയൊരുക്കം അന്തരീക്ഷം വഷളാക്കുകയും പലപ്പോഴും വർഗീയകലാപങ്ങളിലേക്ക് നയിക്കുകയും ചെയ്തു. പൊതുജനപിന്തുണ ആർജിക്കുന്നതിനുവേണ്ടി ഗുജറാത്തിലെ സോമനാഥിൽനിന്നും ഉത്തർപ്രദേശിലെ അയോധ്യയിലേക്ക് ബി.ജെ.പി. രഥയാത്ര എന്നറിയപ്പെട്ട വമ്പൻമാർച്ച് സംഘടിപ്പിച്ചു.

### തകർക്കലും അതിനുശേഷവും (Demolition and after)

1992 ഡിസംബറിൽ രാമക്ഷേത്ര നിർമാണത്തെ പിന്തുണയ്ക്കുന്ന സംഘടനകൾ ചേർന്ന് 'കർസേവ' സംഘടിപ്പിച്ചു. രാമക്ഷേത്രനിർമാണത്തിന് ഭക്തരുടെ സന്നദ്ധസേവനം എന്നതായിരുന്നു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. രാജ്യത്തുടനീളം പ്രത്യേകിച്ച് അയോധ്യയിൽ സ്ഥിതിഗതികൾ സംഘർഷഭരിതമായി. തർക്കഭൂമിക്ക് നാശം വരുത്താതെ സംരക്ഷിക്കണമെന്ന് സംസ്ഥാന സർക്കാരിന് സുപ്രിം കോടതി ഉത്തരവുകൊടുത്തു. എന്നിരുന്നാലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആയിരക്കണക്കിന് ജനങ്ങൾ അയോധ്യയിൽ തടിച്ചുകൂടുകയും 1992 ഡിസംബർ 6-ന് പള്ളി തകർക്കുകയും ചെയ്തു. ഈ വാർത്ത രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ഹിന്ദുക്കളും മുസ്‌ലിങ്ങളും തമ്മിലുള്ള സംഘർഷങ്ങളിലേക്ക് നയിച്ചു. 1993 ജനുവരിയിൽ മുംബെയിൽ വീണ്ടും ലഹള പൊട്ടിപ്പുറപ്പെടുകയും അത് രണ്ടാഴ്ചയോളം നീണ്ടുനിൽക്കുകയും ചെയ്തു.






കടപ്പാട് (ഘടികാരദിശയിൽ): ദി പയനിയർ, ദി പയനിയർ, ദി സ്റ്റേറ്റ്സ്മാൻ

അയോധ്യയിലെ ഈ സംഭവം സംഭവവികാസങ്ങളുടെ ഒരു പരമ്പരയിലേക്കുതന്നെ നയിച്ചു. ബി.ജെ.പി. ഭരണകക്ഷികളായിട്ടുള്ള സംസ്ഥാന സർക്കാരുകളെ കേന്ദ്രം പിരിച്ചുവിട്ടു. അതോടൊപ്പം ബി.ജെ.പി. അധികാരത്തിലിരുന്ന മറ്റു സംസ്ഥാനങ്ങളിലും രാഷ്ട്രപതിഭരണം ഏർപ്പെടുത്തി. തർക്കമന്ദിരം സംരക്ഷിക്കുമെന്ന് സുപ്രിംകോടതിയിൽ നൽകിയ ഉറപ്പ് പാലിക്കാത്തതിനാൽ ഉത്തർപ്രദേശ് മുഖ്യമന്ത്രിക്കെതിരായി കോടതിയലക്ഷ്യഹർജി സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചു. അയോധ്യാ സംഭവത്തിൽ ബി.ജെ.പി. ഔദ്യോഗികമായി ഖേദം പ്രകടിപ്പിച്ചു. പള്ളിയുടെ തകർക്കലിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്രസർക്കാർ ഒരു കമ്മീഷനെ നിയമിച്ചു. മിക്ക രാഷ്ട്രീയപാർട്ടികളും ഈ തകർക്കലിനെ തള്ളിപ്പറയുകയും ഇത് മതേതരത്വത്തിന്റെ തത്വങ്ങൾക്ക് എതിരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇത് മതേതരത്വത്തെക്കുറിച്ച് ഗൗരവമേറിയ ചർച്ചയ്ക്ക് കാരണമാവുകയും വിഭജനത്തിന് തൊട്ടുപിന്നാലെ നമ്മുടെ രാജ്യം അഭിമുഖീകരിച്ച, ന്യൂനപക്ഷങ്ങളുടെമേൽ ഭൂരിപക്ഷ മതസമൂഹം ആധിപത്യം പുലർത്തുന്ന രാജ്യമായി ഇന്ത്യ മാറുകയാണോ? അല്ലെങ്കിൽ മതത്തിനുപരിയായി എല്ലാ ഇന്ത്യാക്കാർക്കും തുല്യനിയമപരിരക്ഷയും തുല്യ പൗരത്വാവകാശവും ഇന്ത്യ തുടർന്നും നൽകുമോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു.

ഈ സമയത്ത് തെരഞ്ഞെടുപ്പ് വിജയത്തിനായി മതവികാരങ്ങളെ ഉപയോഗിക്കുന്നതിനെക്കുറിച്ചും ഒരു ചർച്ച നടക്കുകയുണ്ടായി. എല്ലാ മതവിഭാഗങ്ങൾക്കും ഏതു പാർട്ടിയിലും ചേരാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും സമുദായ അധിഷ്ഠിത പാർട്ടികൾ ഉണ്ടാകില്ലെന്നുള്ളതുമാണ് ഇന്ത്യൻ ജനാധിപത്യരാഷ്ട്രീയത്തിന്റെ അടിസ്ഥാനം. സാമുദായിക സൗഹൃദത്തിന്റേതായ ജനാധിപത്യ അന്തരീക്ഷം 1984 മുതൽ നിരവധി വെല്ലുവിളികൾ അഭിമുഖീകരിച്ചു. എട്ടാമത്തെ അധ്യായത്തിൽ വായിച്ചതുപോലെ, 1984-ലെ സിഖ് വിരുദ്ധകലാപത്തിന്റെ രൂപത്തിലാണ്

ഇത് സംഭവിച്ചത്. 2002 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സമാനമായ അക്രമങ്ങൾ ഗുജറാത്തിൽ മുസ്‌ലിങ്ങൾക്കെതിരായി പൊട്ടിപ്പുറപ്പെട്ടു. അത്തരത്തിൽ ന്യൂനപക്ഷങ്ങൾക്കെതിരായ അക്രമവും രണ്ട് സമുദായങ്ങൾ തമ്മിലുള്ള അക്രമങ്ങളും ജനാധിപത്യത്തിന് ഭീഷണിയാണ്.

“1992 ഡിസംബർ 6-ന് അയോധ്യയിലെ തർക്കമന്ദിരമായ രാമജന്മഭൂമി-ബാബറിമസ്ജിദിന്റെ തകർച്ചയിൽ അവസാനിച്ച വിനാശകരമായ സംഭവങ്ങളുടെ പ്രതിഫലനമാണ് ഈ നടപടിക്രമങ്ങൾ. ആയിരക്കണക്കിന് നിരപരാധികളുടെ ജീവനെടുക്കുകയും സ്വത്തുവകകൾക്ക് വമ്പിച്ച നാശം വരുത്തുകയും അതിനുപരിയായി വിവിധ സമുദായങ്ങൾക്കിടയിൽ നൂറ്റാണ്ടുകളായി വളർത്തിയെടുത്ത സഹിഷ്ണുതയുടെയും വിശ്വാസ്യതയുടെയും സാഹോദര്യത്തിന്റെയും പാരമ്പര്യങ്ങളെ നശിപ്പിച്ചുകൊണ്ട് അന്താരാഷ്ട്രരംഗത്ത് ഈ രാജ്യത്തിന്റെ പ്രതിഛായയെ വികലമാക്കുകയും ചെയ്തിരിക്കുന്നു.

ഒരു രാഷ്ട്രീയകക്ഷിയുടെ നേതാവും മുഖ്യമന്ത്രിയുമായ വ്യക്തിയെ കോടതിയലക്ഷത്തിന് ശിക്ഷിക്കുന്നത് ആശാസ്യമല്ല. പക്ഷേ നിയമത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കാൻ ഇത് ചെയ്തേ മതിയാവൂ. കോടതിയലക്ഷ്യത്തിനാണ് അദ്ദേഹത്തെ ഞങ്ങൾ കുറ്റക്കാരനായി കാണുന്നത്. നമ്മുടെ രാഷ്ട്രത്തിന്റെ മതേതര അടിത്തറയെ ബാധിക്കുന്ന തരത്തിലുള്ള വലിയ പ്രശ്നങ്ങൾ ഉയർത്തുന്നതിനാൽ ഒരു സൂചനയെന്ന നിലയിൽ ഒരു ദിവസത്തെ ജയിൽവാസം ഞങ്ങൾ അദ്ദേഹത്തിനു വിധിക്കുന്നു.”


**ചീഫ് ജസ്റ്റിസ് വെങ്കടചെല്ലയ്യ, ജസ്റ്റിസ് ജി.എൻ. റേ, സുപ്രീം കോടതി**

**ദേശീയോദ്ഗ്രഥന സമിതിക്കുമുന്നിൽ രാമജന്മഭൂമി-ബാബറിമസ്ജിദ് മന്ദിരം സംരക്ഷിക്കാമെന്ന് ഉത്തർപ്രദേശ് മുഖ്യമന്ത്രി നൽകിയ വാഗ്ദാനം ലംഘിക്കപ്പെട്ടതിനെ സംബന്ധിച്ചുള്ള കോടതിവിധിയിയിലെ നിരീക്ഷണങ്ങൾ.**

**മുഹമ്മദ് അസ്‌ലം v/s യൂണിയൻ ഓഫ് ഇന്ത്യ, 24 ഒക്ടോബർ 1994**

## ഗുജറാത്ത് കലാപം (Gujarath riots)

2002 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മുസ്‌ലിങ്ങൾക്കെതിരായി വലിയതോതിലുള്ള കലാപങ്ങൾ അരങ്ങേറി. ഗോദ്ര സ്റ്റേഷനിൽ നടന്ന ഒരു സംഭവമാണ് ഈ കലാപത്തിന്റെ പെട്ടെന്നുള്ള പ്രകോപനം. അയോധ്യയിൽനിന്നും മടങ്ങിവരുന്ന കർസേവകരെ കൊണ്ടുനിറഞ്ഞ ഒരു ട്രയിനിന്റെ ബോഗിക്ക് തീയിട്ടു. ആ തീവയ്പ്പിൽ 57 പേർ കൊല്ലപ്പെട്ടു. ബോഗിക്ക് തീയിട്ടത് മുസ്‌ലിങ്ങളാണെന്ന സംശയത്തിൽ അടുത്ത ദിവസം മുതൽ ഗുജറാത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിങ്ങൾക്കെതിരെയുള്ള അക്രമം ആരംഭിച്ചു. ഈ അക്രമങ്ങൾ ഒരു മാസം നീണ്ടുനിന്നു. ഈ കലാപത്തിൽ കൊല്ലപ്പെട്ട 1100 പേരിൽ ബഹുഭൂരിപക്ഷവും മുസ്‌ലിങ്ങളായിരുന്നു. അക്രമം നിയന്ത്രിക്കുന്നതിലും ഇരകൾക്ക് ആശ്വാസം നൽകുന്നതിലും കുറ്റവാളികളെ വിചാരണചെയ്യുന്നതിലും ഗുജറാത്ത് സർക്കാർ പരാജയപ്പെട്ടെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിമർശിച്ചു. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമസഭാ തിരഞ്ഞെടുപ്പ് നീട്ടിവച്ചുകൊണ്ട് ഉത്തരവിറക്കി. 1984-ലെ സിഖ് വിരുദ്ധ കലാപത്തിന്റെ കാര്യത്തിലെന്നപോലെ, സർക്കാർ സംവിധാനങ്ങളും വിഭാഗീയവികാരങ്ങൾക്ക് ഇരയാകുന്നുവെന്നതാണ് ഗുജറാത്ത് കലാപം കാണിക്കുന്നത്. മതപരമായ വികാരങ്ങൾ രാഷ്ട്രീയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകാവുന്ന അപകടങ്ങളെ



GUJARAT IS BURNING

Former MP's family among 70 dea[d]

HT Correspondent
*Ahmedabad, February 28*

MORE THAN 70 people were killed and several injured as Gujarat reported incidents of stabbing, rioting, arson, looting and police firing on Thursday, a day after four bogies of the Sabarmati Express carrying kar sewaks from Ayodhya were set on fire in Godhra killing 58 people.

The Cabinet Committee on Security put the Army on stand-by in the riot-hit areas.

Over 26 towns statewide have been put under indefinite curfew. Vishwa Hindu Parishad (VHP) activists who had called a statewide bandh on Thursday to protest the killing of the kar sewaks, attacked several Muslim-populated areas of the state and set fire to Muslim-owned properties.

Over 50 of those killed were in Ahmedabad. And 19 of them were relatives of former Congress MP Ehsan Jaffrey, who himself was killed. They died when the building they lived in was set on fire in Meghaninagar. In an earlier incident, 17 Muslim slum-dwellers were also burned alive.

The Wakf Board offices in Gandhinagar were burned down and the Centre for Islamic Studies in Vadodara was at-

PTI

BACKLASH: A truck on fire in Ahmedabad.

ple of mosques being attacked by VHP activists. Six buses and a truck were also set on fire.

Police arrested 700 people — 80 in Godhra, including two councillors — in connection with Wednesday's attack.

Two persons died and at least six were injured when police opened fire to disperse a rampaging mob in Ahmedabad on Thursday afternoon. Gujarat Chief Minister Narendra Modi has ordered a judicial inquiry of the attack. He said those responsible for the attack on the train would be detained under POTO.

"ഭരണഘടനാ നിർമാണ സഭയുടെ മൗലികാവകാശ ഉപദേശക സമിതി 1947 ഫെബ്രുവരി 27-നു നടന്ന ആദ്യയോഗത്തിൽ ന്യൂനപക്ഷ, ആദിവാസി, ബഹിഷ്കൃത മേഖലകളെ സംബന്ധിച്ച് സർദാർ പട്ടേൽ ഇങ്ങനെ ഊന്നിപ്പറഞ്ഞു:

"മറ്റാരെക്കാളും ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ ഇന്ത്യക്ക് താൽപര്യമുണ്ടെന്നും മറിച്ചുള്ള അവകാശവാദങ്ങൾ തികച്ചും വ്യാജവും വാസ്തവവിരുദ്ധവുമാണെന്നും നമ്മൾ തെളിയിക്കേണ്ടതുണ്ട്. അവരിൽ ഓരോരുത്തരെയും തൃപ്തിപ്പെടുത്തേണ്ടത് നമ്മുടെ ദൗത്യമാണ്. നമുക്ക് സ്വയം ഭരിക്കാൻ കഴിയുമെന്നും മറ്റുള്ളവരെ ഭരിക്കാൻ മോഹമില്ലെന്നും തെളിയിക്കാം."

"ഗോധ്രാ സംഭവത്തോടെ ഗുജറാത്തിൽ ആരംഭിച്ച് പിന്നീട് രണ്ടു മാസത്തോളം സംസ്ഥാനത്തെ മുഴുവൻ പിടിച്ചുലച്ച അക്രമങ്ങൾ ഉൾപ്പെടെയുള്ള ദാരുണസംഭവങ്ങൾ രാഷ്ട്രത്തെയാകെ ദു:ഖത്തിലാഴ്ത്തി. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വാതന്ത്ര്യവും സമത്വവും അന്തസ്സും തുടർച്ചയായി ലംഘിക്കപ്പെടുന്നത് തടയുന്നതിൽ സംസ്ഥാന സർക്കാർ സമ്പൂർണമായി പരാജയപ്പെട്ടെന്നു കമ്മീഷൻ സംശയലേശമെന്യേ അഭിപ്രായപ്പെടുന്നു. തീർച്ചയായും ഈ മുറിവുകൾ ഉണക്കി സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും ഭാവിയിലേക്ക് ഉറ്റുനോക്കേണ്ടതുണ്ട്. പക്ഷെ ഈ ഉന്നത ലക്ഷ്യങ്ങളെ പിന്തുടരുന്നത് നീതിയെ അടിസ്ഥാനപ്പെടുത്തിയും ഈ റിപ്പബ്ലിക്കിന്റെ ഭരണഘടനാമൂല്യങ്ങളും ദേശത്തിന്റെ നിയമങ്ങളും ഉയർത്തിപ്പിടിച്ചുമായിരിക്കണം."

**ദേശീയ മനുഷ്യാവകാശ കമ്മീഷൻ**
2001-2002 ലെ വാർഷിക റിപ്പോർട്ട്.




ക്കുറിച്ച് ഗുജറാത്തിലേതുപോലുള്ള സംഭവങ്ങൾ നമ്മെ ജാഗരൂകരാക്കുന്നു. ഇത് ജനാധിപത്യ രാഷ്ട്രീയത്തിന് ഭീഷണിയാണ്.


## ഒരു പുതിയ സമവായത്തിന്റെ ആരംഭം
## (Emergence of a new consensus)

1989-നു ശേഷമുള്ള കാലഘട്ടം ചിലപ്പോഴൊക്കെ കോൺഗ്രസിന്റെ തകർച്ചയുടെയും ബി.ജെ.പിയുടെ ഉയർച്ചയുടെയും കാലഘട്ടമായി കണക്കാക്കുന്നു. ഈ കാലഘട്ടത്തിലെ രാഷ്ട്രീയമത്സരത്തിന്റെ സങ്കീർണസ്വഭാവം നിങ്ങൾക്ക് മനസ്സിലാകണമെന്നുണ്ടെങ്കിൽ കോൺഗ്രസിന്റെയും ബി.ജെ.പിയുടെയും തെരഞ്ഞെടുപ്പ് പ്രകടനങ്ങളെ താരതമ്യം ചെയ്യേണ്ടതുണ്ട്.

> "ഗുജറാത്ത് മുഖ്യമന്ത്രിക്ക് എനിക്ക് നൽകാനുള്ള സന്ദേശം, അദ്ദേഹം രാജധർമം പാലിക്കണമെന്നാണ്. ജാതി, മതം, വിശ്വാസം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവുകളൊന്നും ഒരു ഭരണാധികാരി തന്റെ പ്രജകളോട് കാണിക്കരുത്."
>
> പ്രധാനമന്ത്രി അടൽബിഹാരി വാജ്‌പേയി, അഹമ്മദാബാദ്, 2002 ഏപ്രിൽ 4

മാറിമറിയുന്ന കോൺഗ്രസിന്റെയും ബി.ജെ.പിയുടെയും തെരഞ്ഞെടുപ്പ് പ്രകടനം 1984-2004




ചിത്രത്തിൽ നൽകിയിരിക്കുന്ന വിവരങ്ങളുടെ അർഥം മനസ്സിലാക്കാൻ ശ്രമിക്കാം.

- ഈ കാലഘട്ടത്തിൽ ബി.ജെ.പിയും കോൺഗ്രസും തമ്മിൽ കടുത്ത മത്സരത്തിൽ ഏർപ്പെട്ടിരുന്നത് നിങ്ങൾക്ക് കാണാൻ കഴിയും. 1984-ലെ തെരഞ്ഞെടുപ്പുമായി താരതമ്യം ചെയ്താൽ അവരുടെ തിരഞ്ഞെടുപ്പ് നേട്ടങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്?
- 1989 മുതലുള്ള തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പിക്കും കോൺഗ്രസിനും ലഭിച്ച ആകെ വോട്ടുകൾ അൻപത് ശതമാനത്തിൽ കൂടുതൽ വരില്ലെന്നത്

നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അവർ നേടിയ സീറ്റുകളുടെ എണ്ണവും ആകെ ലോകസഭാസീറ്റുകളുടെ പകുതിയിൽ കൂടുതൽ വരില്ല. അപ്പോൾ ബാക്കി വോട്ടുകളും സീറ്റുകളും എവിടെപ്പോയി?

- കോൺഗ്രസിന്റെയും ജനതാ പാർട്ടിയുടെയും കുടുംബത്തെ കാണിക്കുന്ന രണ്ട് ചാർട്ടുകളും നോക്കുക. ഇന്ന് നിലനിൽക്കുന്ന പാർട്ടികളിൽ ഏതൊക്കെയാണ് കോൺഗ്രസ് കുടുംബത്തിലും ജനതാ കുടുംബത്തിലും പെടാത്തത്.
- തൊണ്ണൂറുകളിലെ രാഷ്ട്രീയമത്സരം ബി.ജെ.പി. നയിക്കുന്ന മുന്നണിയും കോൺഗ്രസ് നയിക്കുന്ന മുന്നണിയും തമ്മിലായിരുന്നു. ഈ രണ്ട് മുന്നണികളിലും പെടാത്ത കക്ഷികളെ പട്ടികപ്പെടുത്താൻ നിങ്ങൾക്ക് കഴിയുമോ?

### 2004-ലെ ലോകസഭാ തെരഞ്ഞെടുപ്പ് (Lok Sabha Elections 2004)

2004-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിയും വലിയ തോതിലുള്ള സഖ്യങ്ങളിൽ ഏർപ്പെട്ടു. ദേശീയ ജനാധിപത്യ സഖ്യ (എൻ.ഡി.എ.) ത്തെ പരാജയപ്പെടുത്തിക്കൊണ്ട് കോൺഗ്രസ് നേതൃത്വത്തിലുള്ള ഐക്യ പുരോഗമന സഖ്യം (United Progressive Alliance) എന്നറിയപ്പെട്ട പുതിയ മുന്നണി സർക്കാർ അധികാരത്തിലെത്തുകയും ചെയ്തു. ഇടതുപക്ഷകക്ഷികളുടെ പിന്തുണ ഈ സർക്കാർ സ്വീകരിച്ചു. 2004-ലെ തിരഞ്ഞെടുപ്പ് കോൺഗ്രസ് പാർട്ടിയുടെ ഭാഗികമായ തിരിച്ചുവരവിനും സാക്ഷ്യംവഹിച്ചു. 1991-നുശേഷം ആദ്യമായി സീറ്റുകൾ വർധിപ്പിക്കാൻ കഴിഞ്ഞു. എന്നിരുന്നാലും 2004-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനും സഖ്യകക്ഷികൾക്കുംകൂടി ലഭിച്ച വോട്ടും, ബി.ജെ.പിക്കും സഖ്യകക്ഷികൾക്കുംകൂടി ലഭിച്ച വോട്ടും തമ്മിലുള്ള വ്യത്യാസം നിസാരമാണ്. അങ്ങനെ, എഴുപതുകൾവരെ നിലനിന്നിരുന്നതിൽ നിന്നും ഇപ്പോൾ പാർട്ടിസമ്പ്രദായം നാടകീയമായി മാറിയിരിക്കുന്നു.


1990-കൾക്കുശേഷം ചുരുളഴിഞ്ഞ രാഷ്ട്രീയപ്രക്രിയകൾ നാലുവിഭാഗത്തിലുള്ള പാർട്ടികളുടെ ഉദയത്തെ കാണിക്കുന്നു. കോൺഗ്രസുമായി സഖ്യത്തിലേർപ്പെട്ടിരുന്ന പാർട്ടികൾ, ബി.ജെ.പിയുമായി സഖ്യത്തിലുള്ള പാർട്ടികൾ, ഇടതുപക്ഷപാർട്ടികൾ, ഈ മൂന്നിൽ ഏതിന്റെയെങ്കിലും ഭാഗമല്ലാത്ത മറ്റുകക്ഷികൾ എന്നിങ്ങനെയായിരുന്നു അവ. രാഷ്ട്രീയമത്സരം ബഹുമുഖമായിരിക്കുമെന്ന് ഈ സാഹചര്യം സൂചിപ്പിക്കുന്നു. ഇതിന്റെ ഫലമായി രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ വ്യതിചലനത്തിന്റേതായ സാഹചര്യം സൃഷ്ടിക്കപ്പെട്ടു.

### വളരുന്ന സമവായം (Growing consensus)

എന്നിരുന്നാലും മിക്ക കക്ഷികൾക്കിടയിലും വിശാലമായ ധാരണ ഉയർന്നുവന്നിട്ടുണ്ട്. കടുത്ത മത്സരത്തിനും നിരവധി സംഘർഷങ്ങൾക്കും മധ്യേ മിക്ക പാർട്ടികൾക്കുമിടയിൽ ഒരു സമവായം ഉയർന്നുവന്നതിന് നാല് ഘടകങ്ങളുണ്ട്.

ഒന്നാമതായി, പുത്തൻ സാമ്പത്തികനയത്തെ അംഗീകരിക്കൽ - പല ഗ്രൂപ്പുകളും പുതിയ സാമ്പത്തികനയങ്ങളെ എതിർക്കുമ്പോൾ ഒട്ടുമിക്ക രാഷ്ട്രീയകക്ഷികളും പുതിയ സാമ്പത്തികനയങ്ങളെ അനുകൂലിക്കുകയാണ് ചെയ്യുന്നത്. ഈ നയങ്ങൾ സാമ്പത്തിക അഭിവൃദ്ധിയിലേക്കും ലോകത്തെ ഒരു സാമ്പത്തിക ശക്തിയെന്ന പദവിയിലേക്കും രാജ്യത്തെ നയിക്കുമെന്ന് മിക്ക രാഷ്ട്രീയകക്ഷികളും വിശ്വസിച്ചു.

രണ്ടാമതായി, പിന്നാക്കജാതിക്കാരുടെ രാഷ്ട്രീയ, സാമൂഹിക അവകാശവാദങ്ങളുടെ സ്വീകാര്യത- പിന്നാക്കജാതിക്കാരുടെ സാമൂഹികവും രാഷ്ട്രീയവുമായ അവകാശവാദങ്ങൾ അംഗീകരിക്കേണ്ടതുണ്ടെന്ന് രാഷ്ട്രീയപാർട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി പിന്നാക്കവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിലും തൊഴിലിലും സീറ്റുകൾ സംവരണം ചെയ്യുന്നതിനെ എല്ലാ രാഷ്ട്രീയപാർട്ടികളും ഇപ്പോൾ പിന്തുണയ്ക്കുന്നു. ഒ.ബി.സിക്കാർക്ക് അധികാരത്തിൽ മതിയായ പങ്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും രാഷ്ട്രീയപാർട്ടികൾ തയാറാണ്.




ഉറവിടം: ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ


മൂന്നാമതായി, രാജ്യഭരണത്തിൽ സംസ്ഥാനതല പാർട്ടികളുടെ പങ്ക് അംഗീകരിക്കൽ - സംസ്ഥാന, ദേശീയപാർട്ടികൾ തമ്മിലുള്ള വ്യത്യാസം വളരെവേഗത്തിൽ അപ്രസക്തമാകുന്നു. സംസ്ഥാനതല പാർട്ടികൾ കഴിഞ്ഞ ഇരുപതുവർഷങ്ങളായി ദേശീയരാഷ്ട്രീയത്തിൽ പ്രധാന പങ്കുവഹിക്കുകയും അധികാരം പങ്കിടുകയും ചെയ്ത കാര്യം ഈ അധ്യായത്തിൽ നാം കണ്ടതാണ്.


നാലാമതായി, പ്രത്യയശാസ്ത്ര നിലപാടുകളെക്കാൾ പ്രായോഗിക പരിഗണനകൾക്കും പ്രത്യയശാസ്ത്രപരമായ യോജിപ്പുകളില്ലാത്ത രാഷ്ട്രീയ സഖ്യങ്ങൾക്കും ഊന്നൽനൽകുന്നു. മുന്നണിരാഷ്ട്രീയം രാഷ്ട്രീയ കക്ഷികളുടെ ശ്രദ്ധയെ പ്രത്യയശാസ്ത്ര വ്യത്യാസങ്ങൾക്കുപരിയായുള്ള അധികാരം പങ്കിടൽ സംവിധാനത്തിലേക്ക് വഴിമാറ്റി. അതുകൊണ്ടുതന്നെ എൻ.ഡി.എയിലെ ഭൂരിപക്ഷം കക്ഷികൾക്കും ബി.ജെ.പിയുടെ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തോട് യോജിപ്പില്ലെങ്കിൽപോലും അവർ ഒത്തുചേർന്ന് ഒരു സർക്കാർ രൂപീകരിക്കാനും കാലാവധി പൂർത്തിയാക്കുന്നതുവരെ അധികാരത്തിൽ തുടരാനും കഴിഞ്ഞു.

സമീപഭാവിയിൽ ഇന്ത്യൻ രാഷ്ട്രീയത്തെ രൂപപ്പെടുത്താൻപോകുന്ന സുപ്രധാന സംഭവവികാസങ്ങളാണ് ഇവയെല്ലാം. എങ്ങനെയാണ് കോൺഗ്രസ് ഒരു പ്രബല പാർട്ടിയായി ഉയർന്നുവന്നതെന്ന ചർച്ചയോടെയാണ് ഇന്ത്യൻ രാഷ്ട്രീയത്തെ കുറിച്ചുള്ള ഈ പഠനം നാം ആരംഭിച്ചത്. ആ സാഹചര്യത്തിൽനിന്ന് ഇപ്പോൾ നമ്മൾ കൂടുതൽ മത്സരാധിഷ്ഠിതവും എന്നാൽ പ്രധാന രാഷ്ട്രീയ അഭിനേതാക്കൾക്കിടയിൽ ഒരു നിശ്ചിത ധാരണയുടെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയത്തിലേക്ക് നാം ഇപ്പോൾ എത്തിയിരിക്കുന്നു. അങ്ങനെ രാഷ്ട്രീയപാർട്ടികൾ ഈ സമവായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുമ്പോൾതന്നെ, ജനകീയപ്രസ്ഥാനങ്ങളും സംഘടനകളും വികസനത്തിന്റെ പുതിയ രൂപങ്ങളെയും ദർശനങ്ങളെയും വഴികളെയും ഒരേസമയം കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യം, പുറംതള്ളൽ, നിശ്ചിതവേതനം, ഉപജീവന മാർഗം, സാമൂഹികസുരക്ഷ തുടങ്ങിയ വിഷയങ്ങൾ ജനകീയപ്രസ്ഥാനങ്ങൾ രാഷ്ട്രീയ അജണ്ടയിൽ ഉൾപ്പെടുത്തുകയും രാഷ്ട്രത്തെ അതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമിപ്പിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ വർഗം, ജാതി, ലിംഗഭേദം, പ്രദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നീതിയുടെയും ജനാധിപത്യത്തിന്റെയും പ്രശ്നങ്ങൾ ജനങ്ങൾ ഉന്നയിക്കുന്നു. ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് നമുക്ക് പ്രവചിക്കാൻ കഴിയില്ല. ഈ അധ്യായത്തിൽ പരാമർശിച്ച ഏതാനും വസ്തുതകളുടെ തുടർച്ചയായ കുഴച്ചുമറിക്കലിലൂടെ അത് ചുരുളഴിക്കപ്പെടുമെന്നും ജനാധിപത്യരാഷ്ട്രീയം ഇന്ത്യയിൽ നിലനിൽക്കുകതന്നെ ചെയ്യുമെന്നും നമുക്കറിയാം.





Credit: Ravi Shankar / India Today





## 16-ാം ലോകസഭയിലെ കക്ഷിനില




- ഭാരതീയ ജനതാപാർട്ടി (ബിജെപി) (281)
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐഎൻസി) (44)
- ആൾ ഇന്ത്യ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം (എഐഎഡിഎംകെ) (37)
- ആൾ ഇന്ത്യ തൃണമൂൽ കോൺഗ്രസ് (ടിഎംസി) (34)
- ബിജു ജനതാ ദൾ (ബിജെഡി) (20)
- ശിവസേന (എസ്എസ്) (18)
- തെലുങ്കുദേശം (ടിഡിപി) (16)
- തെലങ്കാന രാഷ്ട്ര സമിതി (ടിആർഎസ്) (11)
- കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) സിപിഐ (എം) (9)
- യുവജന ശ്രമിക റയ്തു കോൺഗ്രസ് പാർട്ടി (വൈഎസ്ആർസിപി) (9)
- നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (6)
- ലോക് ജനശക്തി പാർട്ടി (6)
- സമാദ്‌വാദി പാർട്ടി (5)
- ആം അദ്മി പാർട്ടി (4)
- രാഷ്ട്രീയ ജനതാദൾ (4)
- ശിരോമണി അകാലിദൾ (4)
- ആൾ ഇന്ത്യ യുണൈറ്റഡ് ഡമോക്രാറ്റിക് പാർട്ടി (3)
- ജമ്മുകാശ്മീർ പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (3)
- രാഷ്ട്രീയ ലോക്സമത പാർട്ടി (3)
- സ്വതന്ത്രർ (3)
- ഇന്ത്യൻ നാഷണൽ ലോക്ദൾ (3)
- ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് (2)
- ജനതാദൾ (സെക്യുലർ) (2)
- ജനതാദാൾ (യുണൈറ്റഡ്) (2)
- ഝാർഖണ്ഡ് മുക്തി മോർച്ച (2)
- അപ്നാദൾ (2)
- കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (1)
- ആൾ ഇന്ത്യ എൻ.ആർ. കോൺഗ്രസ് (1)
- കേരള കോൺഗ്രസ് (എം) (1)
- നാഗ പീപ്പിൾസ് ഫ്രണ്ട് (1)
- നാഷണൽ പീപ്പിൾസ് പാർട്ടി (1)
- പട്ടാളി മക്കൾ കക്ഷി (1)
- റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി (1)
- സിക്കിം ഡമോക്രാറ്റിക് ഫ്രണ്ട് (1)
- ആൾ ഇന്ത്യ മജ്‌ലിസ്-ഇ-ഇത്തെഹാദുൽ മുസ്ലിമീൻ (1)
- സ്വാഭിമാനി പക്ഷ (1)

## അഭ്യാസം

1. ഉന്നിയും മുന്നിയും വാർത്തകൾ ശേഖരിച്ച് സൂക്ഷിക്കുന്ന ഫയലിലെ വാർത്തശകലങ്ങളെ കാലഗണനാക്രമത്തിൽ ക്രമീകരിക്കുക.
   (a) മണ്ഡൽനിർദേശങ്ങളും സംവരണവിരുദ്ധ പ്രക്ഷോഭവും
   (b) ജനതാദളിന്റെ രൂപീകരണം
   (c) ബാബറി മസ്ജിദിന്റെ തകർക്കൽ
   (d) ഇന്ദിരാഗാന്ധിയുടെ വധം
   (e) എൻ.ഡി.എ. ഗവൺമെന്റിന്റെ രൂപീകരണം
   (f) ഗോധ്രസംഭവവും അതുമായി ബന്ധപ്പെട്ട ലഹളകളും
   (g) യു.പി.എ. ഗവൺമെന്റിന്റെ രൂപീകരണം
2. ചേരുംപടി ചേർക്കുക

| | |
|---|---|
| (a) സമവായത്തിന്റെ രാഷ്ട്രീയം | i. ഷാബാനുകേസ് |
| (b) ജാതിയധിഷ്ഠിത പാർട്ടികൾ | ii. ഒ.ബി.സി.യുടെ ഉയർച്ച |
| (c) വ്യക്തിനിയമവും ലിംഗനീതിയും | iii. മുന്നണി ഗവൺമെന്റ് |
| (d) പ്രാദേശിക പാർട്ടികളുടെ വളർന്നുവരുന്ന ശക്തി | iv. സാമ്പത്തികനയങ്ങളെ കുറിച്ചുള്ള സമവായം |

3. 1989-നുശേഷമുള്ള ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രധാന പ്രശ്നങ്ങൾ പ്രസ്താവിക്കുക. ഇത്തരം പ്രശ്നങ്ങൾ എങ്ങനെയാണ് രാഷ്ട്രീയപാർട്ടികളെ വ്യത്യസ്ത കൂട്ടുകെട്ടുകളിലേക്ക് നയിക്കുന്നത്.
4. "മുന്നണിരാഷ്ട്രീയത്തിന്റെ പുതിയ കാലഘട്ടത്തിൽ, രാഷ്ട്രീയപാർട്ടികൾ പ്രത്യയശാസ്ത്രപരമായി സഖ്യപ്പെടുകയോ പുനർ സഖ്യപ്പെടുകയോ ചെയ്യുന്നില്ല." ഈ പ്രസ്താവനയെ പിന്തുണയ്ക്കുന്നതിനോ എതിർക്കുന്നതിനോ എന്ത് വാദങ്ങളാണ് നിങ്ങൾക്ക് മുന്നോട്ടു വയ്ക്കാനുള്ളത്?
5. അടിയന്തിരാവസ്ഥാനന്തര കാലഘട്ടത്തിൽ ഒരു സുപ്രധാനശക്തി എന്ന നിലയിലുള്ള ബി.ജെ.പിയുടെ ആവിർഭാവം കണ്ടെത്തുക.
6. കോൺഗ്രസ് മേധാവിത്വം ക്ഷയിച്ചെങ്കിലും കോൺഗ്രസ് പാർട്ടി രാജ്യത്തെ രാഷ്ട്രീയത്തെ സ്വാധീനിച്ചുകൊണ്ടേയിരിക്കുന്നു. നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണങ്ങൾ നൽകുക.
7. വിജയകരമായ ജനാധിപത്യത്തിന് ഒരു ദ്വികക്ഷി സംവിധാനം ആവശ്യമാണെന്ന് പലരും കരുതുന്നു. കഴിഞ്ഞ ഇരുപത് വർഷത്തെ ഇന്ത്യയുടെ അനുഭവത്തിൽനിന്ന്, ഇപ്പോഴത്തെ പാർട്ടിസംവിധാനത്തിന് എന്ത് ഗുണങ്ങളാണുള്ളത് എന്നതിനെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക.
8. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

   *ഇന്ത്യയിലെ കക്ഷിരാഷ്ട്രീയം നിരവധി വെല്ലുവിളികളെ നേരിട്ടിട്ടുണ്ട്. കോൺഗ്രസ് വ്യവസ്ഥ സ്വയം തകർക്കപ്പെട്ടുവെന്നുമാത്രമല്ല, വ്യത്യസ്ത താൽപര്യങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള അതിന്റെ പ്രാപ്തിയെ സംരക്ഷിക്കത്തക്കവിധത്തിൽ സ്വന്തം പ്രാതിനിധ്യത്തിന് ഊന്നൽ നൽകുന്ന തലത്തിലേക്ക് കോൺഗ്രസ് മുന്നണിയുടെ ശിഥിലീകരണം അതിനെ നയിച്ചു. വ്യത്യസ്ത താൽപര്യങ്ങളെ ഉൾക്കൊള്ളുവാനും ഒരുമിപ്പിക്കുവാനും കഴിയുന്ന ഒരു രാഷ്ട്രീയവ്യവസ്ഥയോ അല്ലെങ്കിൽ രാഷ്ട്രീയപാർട്ടികളെയോ രൂപപ്പെടുത്തുക എന്നതാണ് രാഷ്ട്രം അഭിമുഖീകരിക്കുന്ന പ്രധാന പരീക്ഷണം* – സോയ ഹസൻ

(a) കക്ഷിസമ്പ്രദായത്തിന്റെ വെല്ലുവിളികളെന്ന് ഗ്രന്ഥകാരൻ വിളിക്കുന്ന വിഷയങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ നിങ്ങൾ വായിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഒരു ലഘുകുറിപ്പ് തയാറാക്കുക.

(b) ഈ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന ഉൾക്കൊള്ളലിന്റെയും ഒന്നിപ്പിക്കലിന്റെയും അഭാവം എന്നതിന്റെ ഒരു ഉദാഹരണം ഈ അധ്യായത്തിൽ നിന്ന് നൽകുക.

(c) എന്തുകൊണ്ടാണ് വ്യത്യസ്ത താൽപര്യങ്ങളെ ഉൾക്കൊള്ളുകയും ഒന്നിപ്പിക്കുകയും ചെയ്യേണ്ടത് രാഷ്ട്രീയപാർട്ടികളുടെ ആവശ്യമായി വരുന്നത്?

## നമുക്കിത് ഒരുമിച്ചു ചെയ്യാം

- 2004-ലെ തെരഞ്ഞെടുപ്പുവരെയുള്ള ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രധാന സംഭവവികാസങ്ങൾ ഈ അധ്യായത്തിൽ ഉൾക്കൊള്ളുന്നു (14-ാം ലോകസഭ). ഇതിനെത്തുടർന്ന് 2009-ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.പി.എ. വിജയിച്ചു. 2014-ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. വിജയികളായിത്തീർന്നു. വിവിധ പാർട്ടികളുടെ 16-ാം ലോകസഭയിലെ സ്ഥാനം 193-ാം പേജിൽ കൊടുത്തിരിക്കുന്നു.
- 16-ാം ലോകസഭാ അംഗങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം ലോകസഭയുടെ വെബ്സൈറ്റിൽ (http://eci.nic.in) ലഭ്യമാണ്.
- ഇന്ത്യൻ തിരഞ്ഞെടുപ്പു കമ്മീഷന്റെ വെബ്സൈറ്റിൽ (http://eci.nic.in) നിന്നും ദത്തങ്ങൾ ശേഖരിച്ച് 2009-ലെയും (15-ാം ലോകസഭ) 2014-ലെയും (16-ാം ലോകസഭ) തിരഞ്ഞെടുപ്പുകളിൽ വിവിധ രാഷ്ട്രീയപാർട്ടികളുടെ തിരഞ്ഞെടുപ്പുപ്രകടനങ്ങൾ താരതമ്യം ചെയ്ത് വ്യത്യാസങ്ങൾ കണ്ടെത്തുക.
- 2004 മുതലുള്ള രാഷ്ട്രീയസംഭവങ്ങളുടെ ഒരു ടൈംലൈൻ തയാറാക്കുക. ഇത് നിങ്ങളുടെ ക്ലാസുമുറിയിൽ പങ്കുവയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക.

അഭ്യാസം